# ഔഷധാഹരണം

VALLATHOL GRANDHALAYAM

വള്ളത്തോൾ.

Digitized By Kerala Sahitya Akademi

# ഔഷധാഹരണം

ആട്ടക്കഥ.

ഗ്രന്ഥകൎത്താവ്:

**വള്ളത്തോൾ.**

Digitized By Kerala Sahitya Akademi

മൂന്നാംപതിപ്പ്
കോപ്പി 500.

വില:
നാലണ.

പകർപ്പവകാശം: സി. അച്യുതക്കുറുപ്പിന്ന്

പ്രസാധകന്മാർ:
വള്ളത്തോൾ ഗ്രന്ഥാലയം, ചെറുതുരുത്തി.

1954 ജൂലായ്.

---

അച്ചടി:
വള്ളത്തോൾ പ്രിൻറിങ്ങ് & പബ്ലിഷിങ്ങ് ഹൌസ്, തൃശ്ശൂർ.

Digitized By Kerala Sahitya Akademi

## വേഷവിവരം.

1. രാമൻ, ലക്ഷ്മണൻ
2. ഇന്ദ്രജിത്ത്, രാമൻ, ലക്ഷ്മണൻ
3. വിഭീഷണൻ
4. വിഭീഷണൻ, ഹനുമാൻ, ജാംബവാൻ
5. രാവണൻ, മണ്ഡോദരി
6. കാലനേമി, രാവണൻ
7. ഹനുമാൻ
8. മുനി, ഹനുമാൻ
9. മകരി
10. ഹനുമാൻ, ധാന്യമാലി
11. കാലനേമി, ഹനുമാൻ.
12. രാമൻ, ഹനുമാൻ

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi

# ഔഷധാഹരണം

## ആട്ടക്കഥ.

---

ഭൈരവി—ചെമ്പട.

പൌലസ്ത്യം പാതയിഷ്യൻ സപദി മൃതിമുഖേ
ഘോരചൌൎയ്യാപരാധം
സാൎദ്ധം സുഗ്രീവസൈന്യൈരധി ജലധിയശഃ-
കേതുമാബദ്ധ്യ സേതും
നിശ്ശങ്കാക്രാന്തലങ്കസ്സമിതി വിരുരുചേ
കുംഭകൎണ്ണാതികായാ-
ദ്യുഗ്രക്രവ്യാദനിൎവ്വാപണനിപുണബലോ-
ദ്ദാമധരോ രാമഭദ്രഃ. 1

1 ശ്രീമനുവംശസാഗരസോമൻ ദാശരഥി
രാമനുദാരൻ ഭുവനക്ഷേമദചരിത്രൻ
2 കൈകയിയ്ക്കു വരദാനമേകിയ താതന്
ശോകകരം സത്യധൎമ്മവൈകല്യം വരായ്വാൻ
3 സ്വായത്തസാമ്രാജ്യം തൃണപ്രായം വെടിഞ്ഞുഗ്ര-
മായ കാടകം പുക്കൊരായതമാനസൻ
4 സീതയാം നിജപത്നിയെക്കൈതവത്താൽ കട്ട
യാതുധാനേശനെക്കൊൽവാൻ സേതു തീൎത്തുധൈൎയ്യ,
5 വൻകപിപ്പടയുമായി ലങ്കയിൽച്ചെന്നേറി-
ക്കങ്കപത്രികളാൽ യുദ്ധത്തിങ്കലാശരരെ

Digitized By Kerala Sahitya Akademi

6. അന്തകന്റെ വല്ലിക്കൊണ്ടു ഹന്ത! ദേവന്റെതൻ
തൻതമ്പിയാം ലക്ഷ്മണനൊത്തന്തസ്സിൽ വിളങ്ങി.

കല്യാണി—ചെമ്പട.

അധിരണമതികായേ സൂദിതേ തുംഗകായേ
ദിവി സുരമുനിസിദ്ധൈൎഭൃശം സ്തൂയമാനം
അവദടിതി സുമിത്രാസൂനമാനമ്രമൌലിം
കൃതദൃഢപരിരംഭഃ കംഭകണ്ണസ്യ ഹന്താ. 2

രാമൻ—

1. വത്സ! വിജയിക്ക നീ മത്സഹോദര! ബന്ധു-
വത്സല! ചിരകാലം സൌമിത്രേ!
2. ഉത്സാഹനിധേ! പാരി- നുത്സവമാംമാറിപ്പോഴി
ദുസ്സാധകൎമ്മമല്ലോ നിസ്സംശയം നീ ചെയ്തു.
3. വൈരിഞ്ചകഞ്ചുകത്തെ മാറിൽധരിക്കും സുര-
വൈരിയാമതികായൻ പാരിൽ മററാക്കു ജേയൻ?
4. അക്ഷസോദരനെ നീ ലക്ഷ്മണ! ഹനിക്കയാൽ
രക്ഷസാം പതി ലൂന- പക്ഷപക്ഷിയെപ്പോലായ്.
5. രാവണാത്മജവധാൽ ദേഹകാം മുദാ തുകം
പൂവണിഞ്ഞു ശോഭിപ്പൂ തായകജടാവല്ലി.
6. വാനരരിതാ, ഭമാദാൽ വാൽവീശിക്കൈകൊട്ടി
വാവിട്ടലറി നിന്നെ വാഴ്ത്തുന്നു പലതരം.
7. താഴ്മ പൂണ്ട നിന്മുഖം കാണ്മവൎക്കത്ര രമ്യം,
കോമളത്തണ്ടൊടിഞ്ഞ താമരപ്പൂവു പോലെ.
8. ചോര വാൎന്നൊഴുകമീ മാറത്തു ചേൎത്തു വീണ്ടും
കൈ രണ്ടുകൊണ്ടുമെന്നെ വീര! നീ പുണൎന്നാലും.

Digitized By Kerala Sahitya Akademi

ലക്ഷ്മണൻ—

മുഖാരി—ചെമ്പട

1. അടിയനിതാ, തൊഴുന്നേൻ അടിമലരിണ തവ
ആര്യ! മനുകുലാധിപ! വീര്യഗുണജലധേ!
2. സാധു ദാസജനം പാരിൽ-സ്സാരമാം കരണീയത്തെ-
സ്സാധുവാത്സല്യവസതേ! സാധിക്കുന്നതു നിയതം
സ്വാമിയുടെ സാനുഗ്രഹ-സംബോധനത്താൽത്തന്നെ
3. അരുണനിഹ ബാലിയിസ്സുകൃതിയാം സമയത്തി-
ലിരുൾനിരയെ മിക്കതു-മകററിവിട്ടവരോർത്താൽ
അരുണനവനെപ്പുര-സ്സരണം ചെയ്കയാലല്ലീ?
4. എന്തൊരു കോലാഹലമി-തേശുന്നു ചെവിയിണ
(യിൽ?
വൻതിരമാലയ്ക്കെതിരാ-യിരമ്പും സേനയൊടൊപ്പം
പംക്തികണ്ഠജനിന്ദ്രാരി പടയ്ക്കു വരുന്നു ദൃഢം.
5. ഋക്ഷകപിവീരരിതാ, രക്ഷസ്സുകളുടെ നേരേ
വൃക്ഷശിലായുധരായി വീറൊടു പാഞ്ഞീടുന്നു;
ഇക്ഷണമനുജ്ഞ തരി-കിവരൊടടർ ചെയ്വാൻ മേ.

ശങ്കരാഭരണം—ചെമ്പട.

'ജീവത്സ്വസ്മാസു ജംഭാന്തകയിഷ്ടു വിഭോ!
താത! ശോകഃ കുതസ്തേ?
സംപ്രത്യൈക്ഷ്വാകതോകപ്ലവഗവിരഹിതം
ലോകമാലോകയേ'തി
ആശ്വാസ്യാത്തം ദശാസ്യം വിപുലബലവൃതോ
ഹോമസംപ്രീണിതാഗ്നി-

Digitized By Kerala Sahitya Akademi

ദ്രാഗാരൂഢോ രഥാഗ്ര്യം തദനു രണമഹീം
മേഘനാദഃ പ്രപേദേ. 3

ഇന്ദ്രജിത്ത്—

1. രേ രേ ക്ഷത്രിയബാലകരേ! വരിക പോരിന്നായി രേ—
2. പോരിൽപ്പെട്ടത പുരങ്ങളും ചില സുര—
വൈരികളെക്കൊലചെയ്തതിനാലോ,
ഭൂരിമദേന പുളയ്ക്കുന്നു ഭോ—
ന്മാരിഹ പട്ടതിരി കണ്ണുംപോലെ!
3. വൃത്രാന്തകനെക്കെട്ടിവരിഞ്ഞൊരു വി—
ചിത്രവിചേഷ്ടിതനൊന്നെതിരിട്ടാൽ,
എത്ര നിമിഷം ജീവിപ്പാൻ നൃപ—
പുത്രാധമരേ! നിങ്ങൾക്കെളുതാം?
4 ഉടനെന്നമ്പുകൾ തൻ കാറ്റേറ്റി—
ച്ചിട കെട്ടീടിന നിങ്ങടെ തലകൾ
അടരിൽ വീഴും: ചില പക്ഷിക്കൂട്ടുകൾ
വിടപികൾതന്മേൽനിന്നെന്നവിധം.

ഗർജ്ജന്തമിത്ഥമസകൃൽപ്ലുതശസ്ത്രവൈഷ—
രാലോഡയന്തമഭിതഃ കപിവാഹിനീം. തം
രാമാനുജേന സഹ രാവണിമഭ്യധാവ—
ദാകൃഷ്ടകാർമ്മുകനിമിഷ്ടശരസ്തരസ്വീ. 4

രാമൻ—

1 പോരും മേനികൾ പറവതു; നിന്നുടെ
പൌരുഷമെല്ലാമിവിടെപ്പുഴുതേ:
വേരു പുഴക്കി മരങ്ങളെ വീഴ്ത്തും

Digitized By Kerala Sahitya Akademi

**മാരുതനേററാൽ മലയിളകിടുമോ?**
**രേ രേ രാക്ഷസപോതക! വരിക പോരിന്നായി.**

ലക്ഷ്മണൻ—

2 അരഞൊടിയിടയാലെന്നിഷുഹതനായ്
ഖരനാദികളെപ്പോയ് കാണുക നീ;
പിറകിൽത്താനചിരേണ വരും തേ
പരവനിതാരതനായ പിതാവും.

ഇന്ദ്രജിത്ത്—

3 കാട്ടിൽ മരഞ്ചാടികളെത്തുണയായ്-
ക്കൂട്ടിപ്പോരിനു രാവണപുരിയിൽ
ധാർഷ്ട്യമൊടെത്തിയ നിങ്ങൾക്കീദൃശ-
മൌഢ്യത്തിൻ ഫലമിന്നു ലഭിക്കും.

രാമൻ—

4 മത്സരി പൂർവ്വജനാകലെത്തള്ളിയ
സത്സമ്മതഗതി, നിന്റെ പിതൃവ്യൻ,
മത്സഖനാശരരാജ്യശ്രീയ്ക്കൊരു
വത്സലപതിയായ് വാണിടുമുടനേ.

ലക്ഷ്മണൻ—

5 ഇന്നു മുതല്ക്കിനിയന്തണർ, താപസ-
രെന്നു തുടങ്ങിയ സാധുജനങ്ങൾ
നിന്നുടെ നിധനാൽ നിർഭയരായി-
ട്ടെന്നും നിശയിലുറങ്ങിടട്ടേ!

ഇന്ദ്രജിത്ത്—

6 എന്തിഹ നിങ്ങൾ പുലമ്പിടുന്നു!
ചെന്തീയ്യിനൊടോ പാററകൾതൻ കളി!

Digitized By Kerala Sahitya Akademi

പംക്തിമുഖാത്മജനുടെ മുമ്പിൽത്തല
പൊന്തിപ്പതിയിന്നാരുണ്ടുലകിൽ?
മദ്ധ്യേയുദ്ധം സ മായീ രജനിചരസുതോ
മായയാ ചരന്നമൂർത്തി-
ബ്രഹ്മാസ്ത്രം സംപ്രയുജ്യ പ്രതിനിമിഷമസം-
ഖ്യേയശസ്ത്രാസ്ത്രവർഷീ
സർവൈഃ കീർണ്ണൈസ്സൈന്യൈസ്സഹ രഘുതനയൌ
പാതയിത്വാഥ ലങ്കാം
പ്രാപൽ പ്രീതക്ഷപാടാഹതജയപടഹാ-
രാവസംപൂരിതാശഃ. ൫

ആഹരി—അടന്ത

വിചേതനാം പാതിതമസ്ത്രതേജസാ
വിലോക്യ കാകുൽസ്ഥബലം വിശങ്കടം
കപിപ്രവീരാനഭിസാന്ത്വയന്നിദം
വിഭീഷണഃ പ്രാഹ വിചക്ഷണാഗ്രണീഃ ൬

വിഭീഷണൻ—

1 ഭീതിവിമോഹം തേടായ്വിൻ ഏതുമയേ കപി-
യൂഥപവീരരേ! നിങ്ങൾ ചേതസ്സിങ്കൽ:
2 ഭൂതലേന്ദ്രകുമാരകർ പൈതാമഹാസ്ത്രത്തെ-
യാദരിപ്പാൻ മാത്രമല്ലോ, ഖേദം കൊൾവൂ.
3 രാവണസീമന്തസുത-നീ വരാസ്ത്രം ബ്രഹ്മ-
ദേവൻതാനല്ലോ നല്കീ ദയയോടെ;
കേവലമിതിനെ മാനി-ച്ചാസ്ഥതിന്നു പാരിൽ
ആവതല്ലൊരു മട്ടിലു-മാർക്കും നൂനം.

Digitized By Kerala Sahitya Akademi

4 ബ്രഹ്മാവിൻവരത്താലസ്ത്രം ബാധിയ്ക്കാത്ത വീരൻ
എന്മാരുതിയിതാ, ഹന്ത, വന്നീടുന്നു;
ഇമ്മഹാത്മാവൊന്നിച്ചു ഞാ-നിങ്ങാരെല്ലാം മൃത്യു-
തൻമുഖം പൂകാതുണ്ടെന്ന-തന്വേഷിപ്പൻ.

സാരംഗം—ചെമ്പ

ഇത്യുൽക്കാദീപ്തപാണിർന്നിശി ഘനതമസി
ച്ഛിന്നഗാത്രൈരസ്ര-
പ്രസ്രാവൈർവ്വ്യഞ്ജകൈസ്തൈരിവ ഗിരിശിഖരൈ-
ർദ്ധാതുമന്നിർജ്ഝരൌഘൈഃ
വ്യാകീർണ്ണേ വാനരേന്ദ്രൈ രണധരണിതലേ
സഞ്ചരൻ സാഞ്ജനേയഃ
സംപ്രാപൈഷ ഋക്ഷാധീശജരഠപരിവൃഢം
ജാംബവന്തം രുജാന്ധം.

വിഭീഷണൻ—

1 ഋക്ഷേന്ദ്ര! ഭവാനു ജീവിതാപായം വന്നി-
ട്ടില്ലല്ലീ, ഞങ്ങളുടെ ഭാഗ്യശേഷത്താൽ?
2 അല്ലെങ്കിൽ, ബ്രഹ്മാത്മജ-നാകും ഭവാനെയുമെന്തോ,
അല്ലൽപ്പെടുത്തീടുന്നു ബ്രാഹ്മമാമസ്ത്രം?

ജാംബവാൻ—

3 ആരിതാ,ർത്തിയാൽകാഴ്ച കണ്ണിന്നില്ലൊ,ച്ച കേട്ടി-
ട്ടാര്യനാം വിഭീഷണ-നാണെന്നു തോന്നുന്നു മേ.
4 ആശരപതേ! ചത്ത കീശരിവരിൽദ്ദ്വിഷൽപ്രാ
കേസരിസുതൻ വീര-കേസരി ജീവിയ്ക്കുന്നോ?

Digitized By Kerala Sahitya Akademi

വിഭീഷണൻ—

5 ഖേദിതരാകം മററു കൂട്ടരെയെല്ലാം വിട്ടു
ചോദിച്ചതെന്തു ഭവാൻ വാതസൂനുവെ?
6 രാഘവരിലും കപി_രാജങ്കൽപ്പോലും ഭവാൻ
രാഗമെത്തക്കാട്ടീലല്ലോ ഹനുമാങ്കൽപ്പോലെ!

ജാംബവാൻ—

7 വായുജനിരിക്കിൽ മൃതി യന്നാലും സജീവർ നാം;
ആയവൻ പോകിൽ മൃത_രായി നാം ജീവിക്കിലും
8 അഞ്ജനാത്മജനവ_ന്യനസത്വനരി_
ഭഞ്ജനഭിശാരദൻ ഭർഗ്ഗാംശജാതനല്ലോ.

ഹനുമാൻ—

9 ആൎയ്യ! ഹനുമാനിതാ, അംഘ്രികൾ തൊഴുന്നു തേ;
കാൎയ്യമെന്തെന്നാലിങ്ങു? കല്പിച്ചുകൊൾക.

മദ്ധ്യമാവതി—ചെമ്പ.

ജാംബവാൻ—

1 മാരുതേ! വരികയി മാന്യചരിത! വീര—
ന്മാരുടെ മദ്ധ്യ മിന്നും മാണിക്യപ്രദീപമേ!
2 മാരണമൃതിഗ്രസ്ത_ന്മാരാമീ പ്ലവഗരിൽ
കാരുണ്യമുണ്ടാകേണം കാൎയ്യകോവിദ! തവ.
3 കാലമായ് സ്വാമിക്രമം കാണിപ്പാൻ ഭവാനിഹ;
കാലകാലാംശജാത! കാണ്മീലാ മറ്റാരെയും.
4 ഈ മൎക്കടസൈന്യത്തെ_ധീമൻ! നീ ജീവിപ്പിച്ചു
രാമലക്ഷ്മണന്മാൎക്ക_മാമയം തീൎക്കേടൻ.

Digitized By Kerala Sahitya Akademi

5 കൈലാസനികടത്തിൽ–ച്ചേലാളുമൃഷഭാദ്രി–
മേലുണ്ടു വിലസുന്നു നാലു ദിവ്യൌഷധികൾ:
6 മൃതസഞ്ജീവനി,യഥ വിശല്യകരണി, മരുൽ–
സുത! സാവർണ്ണ്യകരണി, സന്ധാനകരണിയും.
7 മഞ്ഞുമലയും കട–ന്നഞ്ജസാ തത്ര ചെന്നു
കുഞ്ജരദൌഹിത്ര! നീ കൊണ്ടുവന്നാലുമവ.

ഇത്യുക്ത്വാ ഭക്തിപൂർവ്വം സ്മൃതവിബുധചരണ–
ശ്ശീഘ്രമാക്രമ്യ ശൈലം
ശൈലപ്രോത്തുംഗമൂർത്തിഃ സ്ഫുടവിവൃതമുഖോ–
ദ്ദീർണ്ണചണ്ഡാട്ടഹാസഃ
അഭ്രം പ്രത്യുൽപപാത ശ്വസനതനുഭവോ
ദീർഘബാഹൂരുവേഗ–
പ്രാഗ്ഭാരോന്മൂലിതോർവ്വീരുഹശതപതന–
ക്ഷോഭിതോൽബുൽബുദാബ്ധിഃ. 8

പൃഥഗവധിസരസ്സരിൽഗിരിപുരാദിസന്ദർശന–
പ്രഹർഷിതമതിസ്തതഃ പ്രഭുഹിതാത്മബന്ധാദരഃ
ജഗാമ ഗഗനാദ്ധ്വനാ ജവനിരസ്തനാഗാശയോ
ജയദ്ധ്വജനിഭപ്രഭോന്നമിതബാലധിർവ്വാതജഃ. 9

പാടി—ചെമ്പട

വ്യാപാദിതാരിമഭിനന്ദ്യ മുഹുസ്തനൂജം
പ്രത്യാഗതം പ്രമദനർത്തിതചിത്തവൃത്തിഃ
അന്തഃപുരം തദനു പംക്തിമുഖഃ പ്രവിശ്യ
മന്ദോദരീമരമയന്മധുരൈർവ്വചോഭിഃ 10

Digitized By Kerala Sahitya Akademi

രാവണൻ—

1 താമരസാക്ഷി! വരിക കോമളാംഗി! ബാലേ!
ശ്രീമയാസുരസുകൃത–സ്തോമവിപാകമേ!
2 സന്മലർപ്പട്ടു വിരിച്ച നിർമ്മലമീ മെത്ത
മന്മഥജയലക്ഷ്മിതൻ മന്ദഹാസം താനോ!
3 കന്നൽക്കാറെതിർകുഴലി! തന്നംഗാർപ്പണത്താൽ
ധന്യമാക്കുകിതിനെ നീയെന്നുപോലേ.
4 പൊന്മണിവിളക്കൊളികൾ നിൻമൃദുഗണ്ഡത്തെ–
ച്ചുംബനംചെയ്യുന്നു ഹന്ത, ബിംബനകൈതവാൽ.
5 തന്വി! നാനാപരിമളം ചിന്നിച്ചിളംതെന്നൽ
നിന്നളകങ്ങളെയിതാ, മന്ദമിളക്കുന്നു.
6 ഏങ്കലമൃതു ചൊരിയും തങ്കക്കുടങ്ങൾ നിൻ–
കൊങ്കകളെന്മാറിലാശു തിങ്കൾമുഖി! ചേർക്ക.

എരിക്കുല കാമോദരി—ചെമ്പട

മന്ദോദരി—

1 പ്രേമത്തിന്നനുരൂപം അങ്ങയുടെയി–
ക്കോമളസല്ലാപം;
പൂമധുവെക്കാളതി–രാമം മധുരമിതു
ത്തുമയൊടരിജനഭീമ! ഭവന്മുഖ–
സോമനതിൽ നവാമലസുധയോ!

2. വല്ലഭസുഭാഷിതം സാധ്വിമാർക്കൊരു
വല്ലകീമൃദുഗീതം;
ഉല്ലസിപ്പതിവിത്ര നല്ലതായി മറെറാന്നും

Digitized By Kerala Sahitya Akademi

ഇല്ല ദൃഢം, മലർവില്ലനുമതിയാ-
യല്ലലിയററിയ സല്ലളിതതനോ!

3. താർത്തന്വിയ്ക്കു പൂങ്കാവേ! സുചിരാലിന്നു
മാത്രം നിന്മുഖേന്ദുവെ
ചിത്തചിന്തയാം കാറിൻ-ചാത്തകനുകാങ്ക്ഷയാൽ
നേത്രചകോരകമതിമാത്രം സുഖ-
പാത്രമിതാശരഗോത്രമണേ! മമ.

പന്തുവരാളി—ചെമ്പട

ഗൌരീമത്ത്രസ്ത്രിഭുവനഗുരോസ്തത്രിയാമാന്ത്യയാമേ
നിവ്ർത്ത്യാർച്ചാം നിജഗൃഹബഹിഃകുട്ടിമേ സന്നിഷണ്ണഃ
തത്രാകസ്മാദുപഗതമഥ സ്വാമിനം രാക്ഷസാനാം
സൽകൃത്യൈവം പ്രണമിതശിരാഃ പ്രാബ്രവീൽ കാലനേമിഃ

കാലനേമി—

1. കബ്ബുരരാജ! വിഭോ! തൊഴുവേൻ
കബ്ബുരരാജ വിഭോ!

2. ഇപ്പുലർകാലത്തിരുളിൽത്താനേ
മൽപ്പുരിയിലെഴുന്നള്ളാൻ
കല്പിച്ചരുളീടുകെന്തൊരു കാരണ-
മല്പിതധനദവിഭ്രതേ!

3. കിങ്കരനൊരുവനെ വിവരം ചൊൽവാ-
നെങ്കൽ നിയോഗിച്ചെന്നാൽ
നിൻകാൽ തൊഴുവാനവിടെ വരില്ലേ
ലങ്കാധിപ! ഞാൻ തൽക്ഷണമേ?

Digitized By Kerala Sahitya Akademi

ഘണ്ടാരം—അടന്ത

-രാവണൻ—

1 കാലനേമേ! നീ കരളിൽ വെച്ചു കേൾക്ക
കാലഭേദമശേഷവും മേ.

2 കൈലാസം കൊണ്ടു പന്തടിച്ച സാക്ഷാൽ
പൌലസ്ത്യനുടെ പുരിയിങ്കൽ
ബാലക്ഷത്രിയർ വാനരരൊ_ത്തിപ്പോൾ
ലീലയാടുന്നു തോന്നുംവിധം.

3 ഇന്നു വിരിഞ്ചാസ്ത്രത്തെയെയ്തു മമ
നന്ദനൻ വൈരികളെയെല്ലാം
കൊന്നു വീഴ്ത്തിനാനെങ്കിലും_തന്നി_
ലെന്നിട്ടും ഫലമില്ലെന്നായി!

4 സാദരം ജീവനൌഷധത്തെ_യിങ്ങു
പാരാതെ കൊണ്ടുവരുവാനായ്
മാരുതി ഹിമാദ്രിക്കു പോയ_തായി_
ച്ചാരർ പറഞ്ഞിട്ടറിഞ്ഞു ഞാൻ.

5 നിന്നുടെ കശ്മലശീലമിയലായി_ശ്ശീഘ്രം
തന്മയനോടൊന്നു ചെയ്യണം നീ;
അമ്മർക്കടനെ ചെന്നു മാർഗ്ഗ_വിഘ്ന_
മെന്തെന്നാലും വരുത്തുക.

-കാലനേമി—

6 താപസവേഷത്തിൽസിദ്ധിയുമായ് നിജ_
ജീവനപേക്ഷിപ്പാനും

Digitized By Kerala Sahitya Akademi

സേവകന്മിവന്നില്ലൊരു മടി;-യെന്നാ-
ല്ി വഴി ചിന്തമല്ലയി തേ.

7 ബാധിയിഷ്ടദേവനോടു വിരോധ-
ത്താലിത്രയുമഴൽ പററി;
മേലിൽ നമുക്കു ഗുണത്തിന്ന,വൻടെ
കാലിണ സേവിയ്ക്കു ഭവാൻ.

രാവണൻ—

8 നിന്നുടെ ദുഷ്ടോപദേശത്തെ-ക്കേൾപ്പാൻ
വന്നു ഞാനെന്നോ നിൻവിചാരം?
നിന്നെക്കഴകിന്നു തീരാക്കി-യിട്ടു
പിന്നെച്ചിന്തിച്ചുകൊള്ളാം കാര്യം.
കാലനേമേ! നീ കലുഷാത്മൻ! കാണ്ക
കാലജിഹ്വാകാരമെൻ ഖഡ്ഗം.

കാലനേമി—

9 പോരും ഭാഷണിലരിശം; പ്രഭുവിൻ-
പേരിൽബ്ഭക്തിഭരത്താൽ
മാരീചൻ പോലു,യിർ വിട്ടും തവ
ഗീരിതമനുഷ്ഠിപ്പൻ ഞാൻ.
കാലനേമിരഥ കാലവശോസൌ
ചലഹനി ശാസനജം ചലയിഷ്യൻ
പ്രാപ്യ ഹൈമവതപാർശ്വമതിഷ്ഠ-
ന്മായയാ ധൃതമഹാമുനിവേഷഃ. 12

മധ്യമാവതി—ചെമ്പ

ദിവ്യൌഷധാർത്ഥമതിപാതരയോ ഹിമാദ്രിം
പ്രാപ്തഃ ക്ഷണാന്മരുതിതനോഃ പഥി കാലനേമേഃ

Digitized By Kerala Sahitya Akademi

മായാകൃതം മഹിതമാശ്രമമക്ഷിരമ്യ-
മാലോക്യ മാരുതിരചിന്തയദന്തരംഗേ. 13

ഹനുമാൻ—

1 ആരുടെയാശ്രമമിതു? മുമ്പു കണ്ടിട്ടില്ല
ഘോരണം മാർഗ്ഗവിഭ്രംശം പററീലല്ലി മമ?
2 ചമ്പകം, പനസം, ചൂതം, രംഭ, ഖർജ്ജൂരം, പന
മുമ്പായ മരങ്ങളിങ്ങു മുററും തിങ്ങി വിളങ്ങുന്നു.
3 മാമരവല്ലീദളങ്ങൾ മന്ദമാരുതനിലയുമ്പോൾ
തൂമലർകൾപോലെ മഞ്ഞു-തുള്ളികൾ പൊഴിയുന്നു.
4 ഉച്ചത്തിൽ ബ്രഹ്മചാരികൾ വേദങ്ങൾ ചൊല്ലുംഘോഷ-
മുച്ചലിക്കുന്നു വിവിധ-പക്ഷിനാദത്തോടൊപ്പം.
5 ആകാശമാഹുതിധൂമ-വ്യാകുലമായിക്കണ്ടു
കേകികൾ പീലി പരത്തി-ക്കേളി പൂണ്ടാടീടുന്നു.
6 കണ്ടു സിംഹത്തിൻമേഷ്ട്രയെ-ക്കരിപോതങ്ങൾ ബിസ-
ത്തുണ്ടമാണെന്നു കരുതി-ത്തുമ്പിയാൽ ചലിക്കുന്നു.
7 കണ്ണുകൾ കാച്ചടച്ചു കിടക്കും ഹരിണത്തെ-
ക്കണ്ഡൂയനം ചെയ്യുന്നു കടുവാ തൻനഖത്താലേ.
8 നാഗമിതാ, നകുലത്തെ നക്കിയുറക്കീടുന്നു;
യോഗസിദ്ധനേതോ പൂജ്യ-നിങ്ങു വാഴുന്നു ദൃഢം.
9 ഏതാകിലു,മിങ്ങുൾപ്പുക്കാ-പ്പൂതാത്മാവാം മുനിയെ-
പ്പോക്കത്തൊഴുതനുഗ്രഹവും വാങ്ങിച്ചു പോകതന്നെ.

അസാവേരി—അടന്ത

ഇതി പ്രവിശ്യാശ്രമമാശ്രമം തം
മായാമുനിം വായുസുതോ ചചന്ദേ

Digitized By Kerala Sahitya Akademi

സ ചാനസഗ്രഹ്യ സ്മിതപൂർവ്വമാഷി
പ്രോക്തസ്വവൃത്താന്തമമും ബഭാഷേ.

മുനി—

1 ഹനുമാനേ! പരിശ്രമ—മതുതതുമകതാരിൽ;
അനുഭവിപ്പൂ വിശ്രമ—മാവോളം

2 കമണ്ഡലുജലവുമീ—ക്കമനീയഫലങ്ങളും
സുമതേ! നീ ഭുജിച്ചല്പ—മുറങ്ങുക

3 ഭൂതവും, ഭവിഷ്യത്തും, വർത്തമാനവും ദിവ്യ-
ബോധത്താലഖിലം ഞാൻ കാണുന്നേൻ.

4 ആ മഹാസ്ത്രത്താലല്ലം വ്യാമോഹിച്ചവരെല്ലാം
രാമകടാക്ഷാൽ ജീവി—ച്ചെഴുന്നേറ്റം.

5 അവരെല്ലാവരും മുൻമ—ട്ടമർ ചെയ്തിടുവാനിപ്പോൾ
നവ സന്നാഹവും പൂണ്ടു നില്ക്കുന്നു.

ഹനുമാൻ—

നലണ്ടാരം——പഞ്ചാരി

1 താപസോത്തമ! കമണ്ഡലുത്തണ്ണീരിതു മമ
താപശമനത്തിനു തെല്ലും മതിയായിവരാ.

2 തൽക്ഷണമൊരു ജലാശയം കാട്ടിത്തരുവാൻ
ശിഷ്യരിലൊരുത്തനെയിഹ നിയോഗിക്കുക മേ.

മുനി—

3 മച്ഛിഷ്യർ കാട്ടിത്തരും പൊയ്കയിൽക്കണ്ണുമട-
ച്ചമ്പുംബു നുകർന്നാശു വരിക നീ.

മദ്ധ്യമാവതി ചെമ്പട

നിദ്രിതേഷു സരസി നിശാചരഷ്ഠിരിതൈഷ്യ-
രംബുപാസ്സിൻ പിബതി നിമീലിതാക്ഷിയുഗേ

Digitized By Kerala Sahitya Akademi

ദൃഷ്ട്വാ കാപ്യഥ മകരീ ഭയങ്കരീ ദ്രാ-
ഗ്വ്യാത്താസ്യാ ഗ്രസിതുമമും സമഭ്യധാവൽ. 16

മകരി—

1 അഹോ, വിപുലം മാമകഭാഗ്യമിതഹോ, വിപുലം
2 മഹിമ പെരുത്തൊരു സത്വമിതാ ബത!
സഹസാ മമ മുഖമുപഗതമായി
3 പാവപ്പെട്ട വിശന്നുഴലുമ്പോഴം
ദൈവം കിഞ്ചന ദയ ചെയ്താൻ മയി.
4 അഗതികളായ്പ്പല നാഠം വലയുമ്പോഠം
ജഗദീശ്വരനൊരു വഴി തരുമക്കം.
5 കുന്നിനൊത്ത കുരങ്ങനിതല്ലോ;
കുന്നിയ്ക്കും കുറയില്ല വലുപ്പം.
6 ഇന്നാക്കല്ലൊരു പത്തുദിനത്തിനു
തിന്നാൻ മമ മററിര തിരയണ്ടാ.
7 എന്നാലരഞൊടിയും വൈകാതെ,
ചെന്നു വിഴുങ്ങുന്നുണ്ടിതിനേ ഞാൻ.

ഉശാനി—അടന്ത

ആ ലോകക്കിൽക്കണ്ണ്‍ മിഴിച്ചൊന്നലറിയനിലജൻ
ചണ്ഡമാം ബാഹുദണ്ഡ-
ത്താലാവോളം പിളൎത്തിടിന മകരിയുടൻ
ദിവ്യനാരീവപുസ്സായ്
നീലാകാശത്തു മിന്നൽപ്പിണരെതിരൊളിയെ-
ച്ചിന്നിയുംകൊണ്ടു നിന്നു,-
ഭേലാശ്ചൎയ്യം കലൎന്നുള്ളവരൊടു മധുരാ- 1
ലാപമേവം പറഞ്ഞാഠം.

Digitized By Kerala Sahitya Akademi

ധന്യമാലി—

1 മാരുതേ! ഭവിക്കു തേ മംഗളമെങ്ങും
ചാരുതരവിക്രമ!
പേരുററ ഭവാനുടെ കാരുണ്യമൊന്നിനാലീ-
ദ്ദാരുണശാപാന്ത്യം തിരുവാനിടയായ് മേ.

2 ധന്യമാലിയെന്നുള്ളോ-രപ്സരസ്ത്രീ ഞാൻ
ധന്യയായ് വന്നേനിപ്പോൾ.
എന്നാലീപ്പുണ്യാശ്രമം തന്നിൽക്കാണായ മുനി
നിന്നെ വഞ്ചിപ്പാനായി വന്നൊരാശരനല്ലോ.

3 കാലനേമിയെന്നൊരു കർക്കശനാമി-
പ്പൌലസ്ത്യകിങ്കരനെ
കാലനുക്കയച്ചുടൻ കാര്യസിദ്ധിക്കായ് പ്പോക;
മാലകന്നിനി മഹേന്ദ്രാലയം പൂകുന്നേൻ ഞാൻ.

ഘണ്ടാരം—മുറിയടന്ത

ആക്രമ്യ ദ്രാഗാശ്രമം വാതജോഥ
ക്രോധാതഃ പ്രാക്ഷോഭിതദ്രാവ യാവൽ,
യോദ്ധും താവദന്നാജമാലംബ്യ രൂപം
സന്നദ്ധോഭൂൽ കൌണപഃ കാലനേമിഃ. 17

കാലനേമി—

1 നില്ലെടാ മർക്കടത്താന്റെ! നിമിഷം നേരമെൻ നേരേ
മൽക്കരാഹതിയൊന്നിനാൽ തവ മസ്തകം തവിടാക്കും.
2 തണ്ടുതപ്പികളിൽപ്പെരിയ നീയിവിടെനിന്നു മഹൌഷ
(ധം
കൊണ്ടുപോവതു കാണ്മാൻ മമ കണ്ണുകളുണ്ടുകിലമതേ!

Digitized By Kerala Sahitya Akademi

ഹനുമാൻ—

3 കേമനെന്നു നടിക്കുമാശരകീടമാകിയ നീ ഝടിതി
രാമകിങ്കരനെച്ചതിപ്പതിനോർത്തതിൻഫലമേല്ക്കെടോ!
4 കുലിശമോടതിസദൃശമാം മമ മുഷ്ടിയേററു തകർന്നുടൻ
വലിയ കുന്നു കണക്കെ നിന്നുടൽ വസുധമേലിഹ വീണിടും.

കാലനേമി—

5 ബാലനക്ഷകുമാരനല്ലിതു ചാലു നീണ്ട വലീമുഖാ!
കാലനേമിവിമതജനത്തിനു കാലനെന്നു കരുതുക നീ.
6 ഔഷധത്തിനുവേണ്ടി വനചരിപാടുപെട്ടുഴലും നിന-
ക്കേഷ ഞാനിരുവൈദ്യരെട്ടിവി കാണുവാൻ വഴിയാക്കുവൻ!

കീശോത്തമോഥ യുധി നാശിതകാലനേമി-
ർജ്ജാജ്വല്യമാനമധിഗമ്യ മഹൌഷധാദ്രിം
അന്തർഹിതൌഷധമമർഷവശഃ ക്ഷണാത്ത-
മുൽപാട്യ ദോഷ്ണി കലയൻ പുനരാപ ലങ്കാം. 18

മാരുതാത്മജനപാഹരിച്ച മഹി-
തൌഷധാദ്രിയുടെ ഗന്ധമേ-
റോരു നേരമുയിർ പൂണ്ടെണീററു കപി-
സൈന്യമൊക്കെയുമനാമയം;
പേരെഴുന്ന രഘുവീരരും വിഗത-
മോഹരായി വിളയാടിനാർ;
പാരു മൂന്നുമധികം തെളിഞ്ഞു; കുളിർ-
കാററടിച്ചു സുഖമാം വിധം. 19

Digitized By Kerala Sahitya Akademi

ചത്ത രാക്ഷസരെ രാവണൻ കടലി-
ലപ്പൊഴപ്പൊഴിട്ടുവിസ്മയാ-
ലിത്തരത്തിലൊരു ചതിയേല്പതിന്നു വഴി
വന്നതില്ലവരിലാൎക്കുമേ;
അത്തൽ വിട്ടു കപിമണ്ഡലം കിലികിലൊൽ-
ക്കടധ്വനി മുഴക്കവേ,
ചിത്തഹൎഷമൊടു കല്പവൃക്ഷമലർ
തൂകിനാരമരമുഖ്യരും. ൨൦

പുറനീര-ചെമ്പട

സുഗ്രീവാംഗദനീലനളമൈന്ദഗവയ-
ജ്യോതിർമ്മുഖാദ്യൈസ്തതഃ
ശ്ലാഘാഭിർജ്ജയഘോഷണൈഃ പ്രണതിഭി-
ർവ്വാലാഞ്ചലാഘ്രാണനൈഃ
സാഹ്ലാദൈരഭിനന്ദ്യമാനമസകൃ-
ന്നിസ്തുല്യസത്വം മരുൽ-
സൂനും സാനുജരാവണാനുജയുതഃ
പ്രോവാച സീതാപതിഃ.

രാമൻ-

1 പുരുബലവിക്രമ! പവനതനൂഭവ!
പരനു മനസ്സിൽ നിനപ്പാൻപോലും
അരുതാത്തോരു മഹത്തരകാൎയ്യമി-
തരനിമിഷത്താൽ ചെയ്തല്ലോ നീ॥

2 രാവണനെ കൊലചെയ്യുന്നതിനും,
ഭൂവരപുത്രിയെ വീണ്ടേല്പതിനും
താവകവിക്രമമൊന്നേ മമ തുണ;
പാവനചരിത! പരാക്രമജലധേ!

Digitized By Kerala Sahitya Akademi

3 രോഷമകററി പ്രീതിയിത്തു ചെയ്തതി-
ദോഷ മൊന്നുരചെയ്യാനു താരണ്ടു?
രോഷമാട്ടും ഞാൻ സൎവ്വസ്വമൊരാ-
ശ്ലേഷമിതാ, തവ നല്കുന്നേൻ ഞാൻ.

4 എന്നാലൌഷധശൈലത്തെയിനി-
ത്തൻനിലയിൽത്താൻ ത്വരിതമണച്ചിഹ
വന്നിടുക നീ വാനരമൌലേ!
വന്നീടും തവ മംഗളമനിശം!

ലോകങ്ങൾക്കാ'ധിഷ്ഠാനിസ്സ്'സമകരുണയാ
ധൎമ്മസംരക്ഷ ചെയ്യും
ഭൂ'കന്ന്യാ'മാസഹായൻ പ്രഭുവരുളിയ പോ-
ലൌഷധോവീധരത്തെ
വൈകല്യം വിട്ടു പൂൎവ്വസ്ഥിതിയിലുടനുറ-
പ്പിച്ചു, 'താരേശ'വാര-
ശ്രീ കക്കും പേരുമായ്'ബ്ബാ'ലക'ദിനകരഭാ-
സ്സാഞ്ജനേയൻ ജയിപ്പൂ.

Digitized By Kerala Sahitya Akademi

# പുതിയ പുസ്തകങ്ങൾ

| | | | |
|---|---|---|---|
| വാല്മീകിരാമായണം ബാലകാണ്ഡം | 1 | 12 | 0 |
| അയോദ്ധ്യാകാണ്ഡം | 3 | 8 | 0 |
| ആരണ്യകാണ്ഡം | 1 | 12 | 0 |
| കിഷ്കിന്ധാകാണ്ഡം | 1 | 12 | 0 |
| സുന്ദരകാണ്ഡം | 2 | 4 | 0 |
| യുദ്ധകാണ്ഡം | 4 | 8 | 0 |
| ഉത്തരകാണ്ഡം | 3 | 8 | 0 |
| സാഹിത്യമഞ്ജരി (എട്ടാംഭാഗം) | 1 | 0 | 0 |
| പുതിയ പ്ലാൻ—(അച്യുതക്കുറുപ്പിന്റെ പുതിയ ചെറുകഥാസമാഹാരം) | 0 | 12 | 0 |
| മാലവ—മാക്സിംഗോർക്കി (വിവ: സി. ജി. കുറുപ്പ്) | 1 | 0 | 0 |
| രംഗമണ്ഡപം—വി. വി. | 0 | 12 | 0 |
| നിവൻനില്ക്കാറായി (ഇന്ദുചൂഡന്റെ ഒരു നാടകം) | 0 | 12 | 0 |
| ഉയിർത്തെഴുന്നേല്പ്—(ടോൾസ്റ്റോയി) | 7 | 0 | 0 |
| കുറ്റവും ശിക്ഷയും—(ഡോസ്റ്റോവിസ്കി) | 3 | 12 | 0 |
| ഇണപ്പക്ഷികൾ—(ഒരു ചൈനീസ് കാവ്യം—വിവ: സർദാർ കെ. എം. പണിക്കർ) | 1 | 4 | 0 |
| റഷ്യയിൽ—(വള്ളത്തോൾ) | 1 | 0 | 0 |
| ഗ്രാമസൌഭാഗ്യം | 3 | 0 | 0 |
| മഹാകവി വള്ളത്തോൾ—ജീവചരിത്രം (കുറ്റിപ്പുറത്തു് കിട്ടുണ്ണിനായർ) | 1 | 8 | 0 |

വള്ളത്തോൾ ഗ്രന്ഥാലയം, ചെറുതുരുത്തി

or തൃശ്ശിവപേരൂർ.

Digitized By Kerala Sahitya Akademi